**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**2019 ജൂൺ 14, വെള്ളി**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**മെഡിസെപ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ**

**ചോദ്യം : 2295**
**ശ്രീ. എ.പി. അനിൽ കുമാർ**

**മറുപടി :**
**ഡോ. ടി.എം. തോമസ് ഐസക്ക്**
**ധനകാര്യവും കയറും വകുപ്പ് മന്ത്രി**

| | ചോദ്യം | മറുപടി |
|---|---|---|
| | മെഡിസെപ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; ഏത് കമ്പനിക്കാണ് ഇത് നടപ്പിലാക്കുവാൻ അനുവാദം നൽകിയത്; അവർ ക്വാട്ട് ചെയ്ത തുക എത്രയാണ്? | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആരംഭിയ്ക്കണമെന്ന് പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബഹു. ധനകാര്യ മന്ത്രി 2017-18 - ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുമെന്ന് പ്രഖ്യാപിക്കുകയും തുടർന്ന് 24.04.2017 - ലെ സർക്കാർ ഉത്തരവ് (പി) നം.54/2017/ധന പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ എന്നിവർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.സംസ്ഥാന സർക്കാർ ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ,സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവകലാശാലകളിലേയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും ജീവനക്കാർ / പെൻഷൻകാർ / കുടുംബപെൻഷൻകാർ എന്നിവരേയും മന്ത്രിമാരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ / കുടുംബപെൻഷൻകാർ എന്നിവരും ഇവരുടെ ആശ്രിതരുമാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. നിലവിലുള്ള |

| | | |
|---|---|---|
| | | രോഗങ്ങൾക്കുൾപ്പെടെ നിശ്ചിത ചികിത്സാ പ്രക്രിയകൾക്ക് പണരഹിത ചികിത്സാ സൗകര്യം (cashless facility) ലഭ്യമാക്കുക എന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.<br>റിലയൻസ് ജനറൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡിനാണ് പദ്ധതി നടത്തിപ്പിനായി അനുമതി നൽകിയത് .നടപടിക്രമങ്ങൾ പാലിച്ച് 01.01.2019 ൽ ഇ-ടെണ്ടർ ആയി പരസ്യപ്പെടുത്തിയ ആർ .എഫ്.പി യുടെ അടിസ്ഥാനത്തിൽ 5 ഇൻഷുറൻസ് കമ്പനികൾ പ്രൊപ്പോസലുകൾ സമർപ്പിച്ചു .അവയിൽ ഏറ്റവും കുറവ് വാർഷിക പ്രീമിയം തുക രേഖപ്പെടുത്തിയ കമ്പനിയ്ക്കാണ് പദ്ധതി നടത്തിപ്പിന് അനുമതി നൽകിയത്.പ്രസ്തുത സ്ഥാപനം രേഖപ്പെടുത്തിയ വാർഷിക പ്രീമിയം തുക ₹ 2992.48 (18% GST ഉൾപ്പെടെ) ആണ്. |

**അക്കൗണ്ട്സ് ഓഫീസർ**